# ഭാരതീയ ജനതയിൽ ആധിപത്യം പുലർത്തുക ചെങ്കോലല്ല ധാർമ്മികശക്തിയാണ്

ദത്തോപാന്ത് ഠേംഗ്ഡി

ലോകത്തിന് നേതൃത്വം നല്കേണ്ടതായ ഭാരതം ചെങ്കോലിനാലും സിംഹാസനത്തിനാലുമല്ല ഭരിക്കപ്പെടുക. ധാർമ്മികശക്തി കൊണ്ടായിരിക്കും എന്നതിൽ സംഘം ഉറച്ചു വിശ്വസിക്കുന്നു എന്ന് ശ്രീ. ദത്തോപാന്ത് ഠേംഗ്ഡി പ്രഖ്യാപിക്കുകയുണ്ടായി. സംഘ സ്ഥാപകനായ ഡോക്ടർ കേശവബലിറാം ഹെഡ്ഗേവാർ ജന്മശതാബ്ദി ആഘോഷങ്ങളുടെ സമാപനം കുറിച്ചുകൊണ്ട് കോഴിക്കോട് മാനാഞ്ചിറ മൈതാനിയിൽ നടന്ന സമാജോത്സവം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ചിലർ ജീവിച്ചിരിക്കുമ്പോൾ വളരെയധികം പ്രസിദ്ധീകരണം ലഭിച്ചവരായിരിക്കും. എന്നാൽ അത്തരക്കാരുടെ മരണശേഷം അവർ അവഗണിക്കപ്പെടുകയൊ വിസ്മൃതരാവുകയൊ ചെയ്യുന്നു. മറ്റു ചിലർ ജീവിച്ചിരിക്കുമ്പോൾ യാതൊരു പ്രസിദ്ധിയും പ്രചരണവും ഇല്ലാത്തവരാകാം. പക്ഷെ അവരുടെ മരണശേഷം അവരുടെ സ്മരണകളും സൂക്തങ്ങളും ജനങ്ങളിൽ ആധിപത്യം ഉറപ്പിക്കുകയും വ്യാപകമായി തീരുകയും ചെയ്യും. മാവോ, സ്റ്റാലിൻ മുതലായ കമ്മ്യൂണിസ്റ്റ് നേതാക്കളും മറ്റും ആദ്യത്തെ പട്ടികയിലുള്ളവരാണ്. യേശുക്രിസ്തു, മുഹമ്മദ്നബി എല്ലാം രണ്ടാമത്തെ പട്ടികയിലും വരുന്നു. സ്വർഗ്ഗീയ ഡോക്ടർജിയും ഈ രണ്ടാമത്തെ പട്ടികയിലാണ്. അദ്ദേഹം ജീവിച്ചിരുന്നപ്പോൾ യാതൊരു പ്രസിദ്ധീകരണവും ആഗ്രഹിച്ചില്ല. അതിന് ഒരിക്കലും ശ്രമിക്കാതെ പ്രവർത്തനത്തിൽ മുഴുകി. എന്നാൽ മരണശേഷം അദ്ദേഹത്തിന്റെ ആശയങ്ങളും പ്രവർത്തനപദ്ധതിയും ജനഹൃദയങ്ങളിൽ പതഞ്ഞു പൊങ്ങിക്കൊണ്ടിരിക്കയാണ്.
ജീവിതകാലത്തെ പ്രചരണമല്ല ഒരാളുടെ മഹത്വലക്ഷണം. ചരിത്രത്തിന്റെ ഏടുകളാണ്. ഡോക്ടർജി അത്തരത്തിൽ ചരിത്രത്തിൽ സ്ഥാനം പിടിച്ചിരിക്കുന്നു. ഈ ജന്മശതാബ്ദി ആഘോഷം പ്രതിഛായ കെട്ടിപ്പടുക്കലല്ല. കാരണം അദ്ദേഹം ഇന്നില്ല. ആരാധന മനോഭാവം ജനങ്ങളിലുണ്ടാക്കിയിട്ടൊ പ്രതിഛായ വളർത്തിയതുകൊണ്ടൊ അദ്ദേഹത്തിന് യാതൊന്നും കിട്ടാനില്ല. ഡോക്ടർജിയുടെ സന്ദേശം മറ്റെന്നത്തെക്കാളും ഇന്ന് രാജ്യത്തിനാവശ്യമാണ്. അതുകൊണ്ടാണ് ശതാബ്ദി ആഘോഷിക്കുന്നത്. ആ സന്ദേശം ശ്രദ്ധിക്കാതിരുന്നതാണ് ഇന്നത്തെ കുഴപ്പങ്ങൾക്കെല്ലാം കാരണം. അദ്ദേഹം ജന്മനാ ദേശഭക്തനായിരുന്നു. 1920 ലെ കോൺഗ്രസ്സ് സമ്മേളനത്തിലേക്കുള്ള പ്രമേയത്തിൽ കോൺഗ്രസ്സ് രണ്ട് ലക്ഷ്യങ്ങൾ ഊന്നി പറയണമെന്നദ്ദേഹം നിർദ്ദേശിച്ചു. ഒന്ന് സമ്പൂർണ്ണ സ്വരാജ് നേടുക, രണ്ട് മുതലാളിത്വത്തിന്റെ ഞെക്കിപ്പിടുത്തത്തിൽ നിന്ന് ലോകരാജ്യങ്ങളെ രക്ഷിക്കുക. അദ്ദേഹം മുതലാളിത്വത്തിന്റെ അപകടത്തെ എത്രമാത്രം മുൻകൂട്ടി കണ്ട് .......... എന്ന് ഇതിൽ നിന്നും ഊഹിക്കാം. കമ്മ്യൂണിസ്റ്റ് പാർട്ടി ഇന്ത്യയിൽ പ്രവർത്തനമാരംഭിച്ചിട്ടില്ലാത്ത കാലത്തായിരുന്നു ഡോക്ടർജി ഈ പ്രമേയം തയ്യാറാക്കിയത് എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ബ്രിട്ടീഷുകാർ പോയതുകൊണ്ട് രാജ്യം സുരക്ഷിതമാകില്ലാ എന്നദ്ദേഹം വിശ്വസിച്ചു. അതേസമയം ഒരു ദേശഭക്തൻ എന്ന നിലയ്ക്ക് സ്വരാജിന് വേണ്ടി കോൺഗ്രസ്സിൽ ചേർന്ന് അദ്ദേഹം പ്രവർത്തിച്ചു. ബ്രിട്ടീഷുകാരനെ പുറത്താക്കാനുള്ള പ്രവർത്തനം നടത്തണ്ടത് ഒരു പൗരന്റെ കടമയാണ് എന്ന് തീർച്ചയായിരുന്നു. എന്നാൽ എല്ലാവരും ബ്രിട്ടീഷുകാരനെ പുറത്താക്കുന്നതിനെക്കുറിച്ച് മാത്രം ചിന്തിച്ചപ്പോൾ ഡോക്ടർജി ബ്രിട്ടീഷുകാർ എങ്ങനെ നമ്മെ ഭരിക്കാനിടയായി എന്നതിനെക്കുറിച്ച് കൂടിയായിരുന്നു ചിന്തിച്ചത്. അതിന്റെ കാരണം ഇല്ലാതാക്കാൻ വേണ്ടിയദ്ദേഹം രാഷ്ട്രീയ സ്വയംസേവക സംഘം സ്ഥാപിച്ചു. രാഷ്ട്രീയാധികാരം കൊണ്ട് രാഷ്ട്ര നിർമാണം സാധിക്കുകയില്ലെന്നും പ്രധാനമന്ത്രിയുടെയൊ മുഖ്യമന്ത്രിയുടെയൊ ശക്തിയല്ല രാഷ്ട്രശക്തി എന്നും സാധാരണക്കാരുടെ ചോരയും, നീരുമാണ് രാഷ്ട്രശക്തി എന്നും അദ്ദേഹം മനസ്സിലാക്കി. ആ സാധാരണ ജനങ്ങളെ നന്നാക്കുവാനാണ് 1925 ൽ ആർ. എസ്. എസ് സ്ഥാപിച്ചത്. വ്യക്തിനിർമാണമാണ് സംഘം നടത്തുന്നത്. ഇന്നത്തെ പല നേതാക്കളും അവരെല്ലാം നല്ലവരാണ്. ജനങ്ങൾ മോശക്കാരായതുകൊണ്ടാണ് രാജ്യം അധഃപതിച്ചത് എന്ന് വിലപിക്കാറുണ്ട്. പക്ഷെ ഇവരാരും നല്ല വ്യക്തിനിർമാണത്തിനു വേണ്ടി ഒന്നും ചെയ്തിട്ടില്ല. എല്ലാവരും പ്രധാനമന്ത്രിയാവാനുള്ള ക്യൂവിൽ സ്ഥലം പിടിച്ചിരിക്കയാണ്. സ്വാതന്ത്ര്യം കിട്ടി 41 വർഷത്തിനു ശേഷം ജനങ്ങൾ നല്ലവരായില്ല എന്ന് പറയുന്നത് വഞ്ചനയാണ്. ഭിന്നിപ്പിച്ചു ഭരിക്കാനുള്ള തന്ത്രത്തിന്റെ ഭാഗമായി ബ്രിട്ടീഷുകാർ ഹിന്ദുക്കളും മുസ്ലീംങ്ങളും യോജിച്ചുവന്നാൽ സ്വാതന്ത്ര്യം തരാം എന്ന് പറഞ്ഞപ്പോൾ ഡോക്ടർജി ശക്തിയായെതിർത്തു. രാഷ്ട്രീയ വിഭ്രാന്തിക്കാർ അത് സ്വീകരിച്ചു. ഹിന്ദു ഒരു മതമല്ല ദേശീയതയാണ്. മതം ടൂത്ത്ബ്രഷ് പോലെ സ്വന്തം ഉപയോഗത്തിന് മാത്രമുള്ളതാണ്; ദേശീയത പൊതുവാണ്. ഭാരതം ഒരിക്കലും മതാധിഷ്ഠിത രാജ്യമായിരുന്നില്ല. ഇവിടെ ആസ്തികനും നാസ്തികനും അംഗീകാരം ഉണ്ട്. മുപ്പത്തിമുക്കോടി ദൈവങ്ങളെ ആരാധിക്കുന്നവരുണ്ട്. കൂട്ടത്തിൽ ഒരു നബിയും

ക്രിസ്തുവും ആകാം. മതം കൊണ്ട് ക്രിസ്ത്യാനിയും മുസ്ലീമും ദേശീയത ഹിന്ദുവുമാണ്. മതം മാറിയതുകൊണ്ട് ദേശീയത മാറില്ല. ഇവിടുത്തെ മുസ്ലീങ്ങളും ക്രിസ്ത്യാനികളും പുറത്തുള്ളവരല്ല. രാമായണത്തിലെ മന്ഥരയെപ്പോലെയാണ് രാഷ്ട്രീയക്കാർ. അവർ സഹോദരങ്ങളെ തമ്മിൽ തല്ലിക്കുകയാണ്. 41 കൊല്ലം മുൻപ് ബ്രിട്ടീഷുകാർ കളിച്ച കള്ളകളി ഇപ്പോൾ വർഗീയത്തിന്റെ പേരു പറഞ്ഞ് രാഷ്ട്രീയക്കാർ കളിക്കുന്നു. സാധാരണ മുസ്ലീമും ക്രിസ്ത്യാനിയും രാഷ്ട്രഭക്തരാണ്. അവരുടെ വോട്ടിന് വേണ്ടി ഹിന്ദുരാഷ്ട്രീയ നേതാക്കൾ മത്സരിച്ചാണ് അവരെ വർഗീയക്കാരാക്കിയത്. ഇത്തരം ഹിന്ദു രാഷ്ട്രീയനേതാക്കളെ നിയന്ത്രിക്കണം എന്ന് ഡോക്ടർജി പറഞ്ഞു. ഹിന്ദുരാഷ്ട്രവാദം ഡോക്ടർജി സൃഷ്ടിച്ചതല്ല അത് പണ്ട് മുതലെ ഇവിടെയുള്ളതാണ്. വിസ്മൃതിയിലാണ്ടു പോയവരെ തൊട്ടുണർത്തുകയാണ് ഡോക്ടർജി ചെയ്തത്. നുണ പ്രചരണമാണ് ഹിന്ദുരാഷ്ട്രവാദത്തെ തെറ്റിദ്ധരിപ്പിച്ചത്. വേദങ്ങൾ എല്ലാം മനുഷ്യവംശത്തെ മുഴുവനും ഒന്നായിക്കാണുന്നതും സമ്പൂർണ മാനവീകതയാണ് ഹിന്ദു എന്ന് പ്രഖ്യാപിക്കുന്നതുമാണ്. അതുകൊണ്ടാണ് പണ്ഡിറ്റ് ദീനദയാൽജി എഴുതിയ തത്വശാസ്ത്രത്തിന് ഏകാത്മമാനവവാദം എന്ന പേര് നല്കിയത്. മാനവികതയുൾകൊണ്ടാലെ ഭാരതം രക്ഷപ്പെടുള്ളു എന്ന് ഡോക്ടർജി പറഞ്ഞു. ഡോക്ടർജിയുടെ ഈ സന്ദേശം ലോകത്തിന് മുഴുവനും എത്തിച്ചുകൊടുക്കാൻ നാം ശ്രമിക്കണം. നിങ്ങൾ ആരെ വേണമെങ്കിലും ആരാധിക്കു. പക്ഷെ ഭാരത പൗരനാണ് എന്നോർമിക്കണം. ഇവിടെ ആധിപത്യം പുലർത്തുക ചെങ്കോലല്ല. ധാർമിക ശക്തിയാണ്. ഞങ്ങൾ അതിൽ ഉറച്ചുനിന്ന് മുന്നോട്ടു പോകും. ഗവൺമെന്റുകൾ വരും പോകും എന്നാൽ ഈ രാഷ്ട്രം എന്നും നിലനില്ക്കുക തന്നെ ചെയ്യും.